പുതുക്കിയ മറുപടി

## പതിനഞ്ചാം കേരള നിയമസഭ
## മൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3193** **26/10/2021 ൽ മറുപടിയ്ക്ക്**

**എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും പ്രവേശനം ലഭിക്കാത്ത സാഹചര്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി സി വിഷ്ണുനാഥ്<br>ശ്രീ. ടി.സിദ്ദിഖ്<br>ശ്രീ എം വിൻസെൻറ്<br>ശ്രീ. എ . പി . അനിൽ കുമാർ | വി.ശിവൻകുട്ടി<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്ലസ് വൺ രണ്ടാം അലോട്ട്മെന്റ് പൂർത്തിയായായപ്പോൾ എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും അഡ്മിഷൻ ലഭ്യമാക്കാൻ സാധിച്ചിട്ടില്ല എന്നത് വസ്തുതയാണോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | 2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കന്ററി പ്രവേശനത്തിന്റെ മുഖ്യ ഘട്ടത്തിലെ രണ്ടാമത്തെ/ അവസാനത്തെ അലോട്ട്മെന്റിലെ പ്രവേശന നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം മാനേജ്മെന്റ് ക്വാട്ടാ, കമ്മ്യൂണിറ്റി ക്വാട്ടാ അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടക്കുന്നുണ്ട്. ഈ പ്രവേശന നടപടികൾ പൂർത്തീകരിച്ച ശേഷം അവശേഷിക്കുന്ന അപേക്ഷകരുടേയും സീറ്റുകളുടേയും കണക്കെടുത്ത് എല്ലാവർക്കും പഠിക്കാനാവശ്യമായ സീറ്റ് ക്രമീകരണങ്ങൾ ആവശ്യമുള്ള മേഖലകളിൽ ചെയ്യുന്നതായിരിക്കും. |
| (ബി) | എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ സാധിക്കുന്നില്ല എന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; | (ബി) | കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വിദ്യാർത്ഥികൾക്ക് ഫോക്കസ് ഏരിയ നൽകി അതിൽ നിന്നും വേണ്ടുന്നതിന്റെ ഇരട്ടി ചോയ്സുകൾ നൽകി പരമാവധി മാർക്കിന്റെ ഇരട്ടി മാർക്ക് വരെ ലഭിക്കത്തക്കവിധം എസ്.എസ്.എൽ.സി പരീക്ഷ നടത്തിയതിന്റെ ഫലമായി എല്ലാ വിഷയത്തിനും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം 125509 ( ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തി അഞ്ഞൂറ്റി ഒൻപത്) ആയി വർദ്ധിക്കുകയുണ്ടായി. ഇത് കഴിഞ്ഞ വർഷത്തേതിനേക്കാൾ മൂന്ന് മടങ്ങിൽ കൂടുതലാണ്. മുഖ്യഘട്ട അലോട്ട്മെന്റ് പൂർത്തിയായപ്പോൾ 235879 (രണ്ട് ലക്ഷത്തി മുപ്പത്തഞ്ചായിരത്തി എണ്ണൂറ്റി എഴുപത്തൊൻപത്) വിദ്യാർത്ഥികൾ മെറിറ്റ് ക്വാട്ടയിൽ മാത്രം പ്രവേശനം നേടിയിട്ടുണ്ട്. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ ചുരുക്കം ചില വിദ്യാർത്ഥികൾക്ക് അവരുടെ അപേക്ഷയിൽ |

| | | | |
|---|---|---|---|
| | | | വളരെ കുറച്ചുമാത്രം ഓപ്ഷനുകൾ ഉൾപ്പെടുത്തിയതിന്റെ ഫലമായി അലോട്ട്മെന്റ് ലഭിച്ചിട്ടില്ല. |
| (സി) | എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും അവർക്ക് ഇഷ്ടപ്പെട്ട സ്കൂളുകളിൽ ഇഷ്ടപ്പെട്ട വിഷയത്തിൽ പ്ലസ് വൺ പ്രവേശനം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | 2021-22 അധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിന്റെ മുഖ്യ ഘട്ടത്തിലെ അവസാനത്തെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് ക്വാട്ട പ്രവേശനം, അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രവേശനം എന്നിവയൊക്കെ നടന്ന് കൊണ്ടിരിക്കുകയാണ്. മുഖ്യ അലോട്ട്മെന്റ് പ്രവേശനത്തിനു ശേഷം മെറിറ്റ് ക്വാട്ടയിൽ ഒഴിവുള്ള 33153(മുപ്പത്തി മൂന്നായിരത്തി ഒരുന്നൂറ്റി അൻപത്തി മൂന്ന്) സീറ്റുകളും എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ ഒഴിവുള്ള 6438(അറായിരത്തി നാന്നൂറ്റി മുപ്പത്തി എട്ട്) സീറ്റും മാനേജ്മെന്റ് ക്വാട്ടയിൽ ഒഴിവുള്ള 8988(എണ്ണായിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട്) സീറ്റുകളും സ്പോർട്ട്സ് ക്വാട്ടയിൽ ഒഴിവുള്ള 4461(നാലായിരത്തി നാന്നൂറ്റി അറുപത്തി ഒന്ന്) സീറ്റുകളും അൺ-എയ്ഡഡ് സ്കൂളുകളിലെ ഒഴിവുള്ള 34252(മുപ്പത്തി നാലായിരത്തി ഇരുന്നൂറ്റി അൻപത്തി രണ്ട്)സീറ്റുകളും കൂടി ആകെ 87292(എൺപത്തി ഏഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട്) സീറ്റുകളും ലഭ്യമാണ്. ഇതിന് പുറമേ വൊക്കേഷണൽ ഹയർസെക്കന്ററി, പോളിടെക്നിക്, ഐടിഐ മേഖലകളിലായി 83000 സീറ്റുകളും ലഭ്യമാണ്.<br>മാനേജ്മെന്റ് ക്വാട്ടാ, കമ്മ്യൂണിറ്റി ക്വാട്ടാ അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടന്നുകൊണ്ടിരിക്കുകയാണ്. താലൂക്ക് തല വിഷയ കോമ്പിനേഷൻ തിരിച്ചുള്ളകണക്കുകൾ അവലോകനം നടത്തി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ